<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 630</u> <u>28-06-2022 - ൽ മറുപടിയ്ക്ക്</u>

<u>പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ കേരള ഖാദി വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തനരഹിതവുമായ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സഹകരണസംഘത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; | (എ) | പെരുങ്കടവിള NES ബ്ലോക്ക് ഓയിൽ ക്രഷിംഗ് സഹകരണ സംഘം ഇപ്പോൾ പ്രവർത്തന രഹിതമാണ്. |
| (ബി) | ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിന് ഉള്ളതെന്ന് അറിയിക്കുമോ; നിലവിൽ ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാധ്യതയെന്ന് അറിയിക്കുമോ; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംഘത്തിന് 9 (ഒമ്പതു) ആർ സ്ഥലം ഉണ്ട്. സംഘത്തിന്റെ അംഗങ്ങൾക്കാണ് ഉടമസ്ഥാവകാശം. എന്നാൽ സംഘത്തിന്റെ അവകാശികൾ ആരും ജീവിച്ചിരിപ്പില്ലാത്ത തിനാലും സംഘത്തിന് ഖാദി ബോർഡിൽ ബാധ്യതയുള്ളതിനാലും സംഘം ഖാദി ബോർഡിന്റെ അധീനതയിലാണ് സംഘത്തിന്റെ ബാധ്യത സംബന്ധിച്ച് 31-05-2022 വരെയുള്ള കണക്ക് താഴെപറയുന്നു.<br>മുതൽ- 1,63,384<br>പലിശ- 3,44,341<br>പിഴപ്പലിശ -4,99,331<br>സ്റ്റേഷനറി ചാർജ്ജ് - 1000<br>സർവ്വീസ് ചാർജ്ജ് @7.5% - 75,604<br>**ആകെ ബാധ്യത - 10,83,660** |
| (സി) | നിലവിൽ പ്രവർത്തനരഹിതമായ ഈ സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഒടുക്കിയാൽ സംഘത്തിന്റെ പേരിൽ റീസർവ്വെ 645/2-ൽ ഉൾപ്പെട്ടുത്തിയിട്ടുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | ആസ്തി കൈമാറ്റം നടത്തുന്നതിലേക്ക് സഹകരണ ചട്ടം 13 അനുസരിച്ച് പതിനഞ്ച് വ്യക്തമായ ദിവസത്തെ നോട്ടീസ് നൽകി വിളിച്ചുചേർക്കപ്പെടുന്ന പ്രത്യേക പൊതുയോഗത്തിൽ ഹാജരായി വോട്ടുചെയ്യപ്പെട്ട ആകെ അംഗങ്ങളുടെ മൂന്നിൽരണ്ട് ഭാഗം പേരുടെ പിന്തുണയോടെ പാസ്സാക്കി ആസ്തി |

| | | | |
|---|---|---|---|
| | ഇതിലേയ്ക്കായി എന്തെങ്കിലും നിയമതടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ; | | കൈമാറ്റം സംബന്ധിച്ച ഒരു തീരുമാനം എടുക്കേണ്ടതാണ്. എന്നാൽ തീരുമാനം എടുക്കുന്നതിന് ടി സംഘത്തിൽ അവകാശികൾ ആരുംതന്നെ ജീവിച്ചിരിപ്പില്ല. സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ പെരുങ്കടവിള ഗ്രാമ പഞ്ചായത്ത് ഒടുക്കിയാലും സംഘത്തിന്റെ പേരിലുള്ള ആസ്തി കൈമാറ്റം ചെയ്യുന്നതിന് ഖാദി സഹകരണ സംഘങ്ങളുടെ രജിസ്റ്റാർ കൂടിയായ ഖാദി സെക്രട്ടറിയ്ക്ക് അധികാരമില്ല . |
| (ഡി) | ടി ആവശ്യം ഉന്നയിച്ചുകൊണ്ട് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കമ്മിറ്റി തീരുമാനം ഉള്ളടക്കം ചെയ്തു നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തൊക്കെയാണ്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷനു നൽകാൻ 21-04-2016-ലെ ഖാദി ബോർഡ് യോഗം തീരുമാനിച്ചു. ബോർഡിനു കിട്ടാനുള്ള കുടിശ്ശിക അടച്ച് തുടർനടപടി സ്വീകരിക്കാൻ പെരുങ്കടവിള ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കുടിശ്ശിക അടയ്ക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ പഞ്ചായത്ത് ചെയ്തിട്ടില്ല. കുടിശ്ശിക തുക അടയ്ക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് 15-01-2022-ലെ കെ.ബി. 5825/2015/സഹ നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ